# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *9

03.02.2020-ൽ മറുപടിക്ക്

## മുന്നോക്കക്കാർക്ക് സംവരണം

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, ടി.വി.ഇബ്രാഹിം | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ സർവീസിൽ മുന്നോക്കക്കാർക്ക് പത്ത് ശതമാനം സംവരണം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 103-ാം ഭരണഘടനാ ഭേദഗതി പ്രകാരമാണ് മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും സർക്കാർ നിയമനങ്ങളിലും 10% സംവരണം ഏർപ്പെടുത്താനുള്ള സാഹചര്യം ഉയർന്നുവന്നത്. തുടർന്ന് അപ്രകാരമുള്ള സംവരണം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റിട്ട.ജസ്റ്റിസ്.ശ്രീ.കെ.ശശിധരൻ നായർ ചെയർമാനായുള്ള കമ്മീഷനെ നിയമിക്കുകയുണ്ടായി. കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ച് 03.01.2020-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേലുള്ള തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | നിലവിൽ അമ്പതു ശതമാനം ഓപ്പൺ ക്വാട്ടയിലെ ഏതൊക്കെ ടേണുകളാണ് ഈ വിഭാഗങ്ങൾക്കുള്ള സംവരണത്തിനായി നീക്കി വയ്ക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | നിയമനങ്ങളിൽ 100 പോയിന്റ് റോസ്റ്ററിലെ 9, 19, 29, 39, 49, 59, 69, 79, 89, 99 എന്നീ ഊഴങ്ങളാണ് ഈ വിഭാഗങ്ങൾക്കുള്ള സംവരണത്തിനായി കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പി.എസ്.സി തയ്യാറാക്കിയ റൊട്ടേഷൻ ചാർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (സി) | കമ്മീഷൻ നിർദ്ദേശിച്ച റോട്ടേഷൻ ചാർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിന് പി.എസ്.സി-യുടെ അംഗീകാരം തേടേണ്ടതുണ്ട്. |
| (ഡി) | മുന്നോക്ക സംവരണം നിലവിൽ വരുന്നതോടെ ഓപ്പൺ ക്വാട്ട നാൽപ്പതു ശതമാനമായി കുറയുന്ന സാഹചര്യമുണ്ടോ; ഇത് ചട്ടവിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഡി)യും (ഇ)യും | ഭരണഘടനാ ഭേദഗതി പ്രകാരമുള്ള സംവരണമാണ് സംസ്ഥാനത്തും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നത്. |
| (ഇ) | എങ്കിൽ ഇത് മറികടക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ